സർവ്വേ-ഭൂരേഖാ വകുപ്പിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II തസ്തികയിലെ നിയമനം

206 (7177) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) സർവ്വേ-ഭൂരേഖാ വകുപ്പിൽ ഡ്രാഫ്റ്റ്മാൻ ഗ്രേഡ് II-ന്റെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) സ്പെഷ്യൽ റൂൾ പ്രകാരം ബൈ പ്രൊമോഷൻമുഖേന നികത്തേണ്ട ഒഴിവുകൾ നികത്താത്തതിന് കാരണം വ്യക്തമാക്കാമോ ;

(സി) ബൈ പ്രൊമോഷൻമുഖേന പ്രൊമോഷൻ ലഭിക്കാൻ യോഗ്യരായവരുടെ അഭാവത്തിൽ ഈ ഒഴിവുകളിൽ നേരിട്ട് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ) സർവെയും ഭൂരേഖയും വകുപ്പിൽ രണ്ടാംതരം ഡ്രാഫ്റ്റ്സ്മാൻ മാരുടെ 21 എൻ.ജെ.ഡി. ഒഴിവുകൾ നിലവിലുണ്ട്. ആയതിൽ 18 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും നിയമന നടപടിയിലിരിക്കുന്നതുമാണ്. ഇനിയും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുള്ള 3 ഒഴിവുകൾ നിലവിലുണ്ട്.

(ബി) ബൈ പ്രൊമോഷൻവഴി നികത്തുന്നതിന് മതിയായ അർഹരായ അപേക്ഷകരില്ല.

(സി) ഇതു സംബന്ധിച്ചുള്ള റൂളുകൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

റീ-സർവ്വേ കഴിഞ്ഞ വില്ലേജുകളിൽ ടോറൻസ് സമ്പ്രദായം

207 (7178) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) 1995 മുതൽ കോട്ടയം അങ്കമാലി താലൂക്കുകളിൽ നടപ്പിലാക്കിയ "ടോറൻസ്" സമ്പ്രദായം സംസ്ഥാനത്ത് റീ-സർവ്വേ കഴിഞ്ഞ മുഴുവൻ വില്ലേജുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഈ വിഷയം സമഗ്രമായി പരിശോധിച്ച് ഒരു തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly